# കോവിഡ് മഹാമാരിയും - തൊഴിലാളികളും

# അതിജീവന മുന്നേറ്റം അനിവാര്യം

**ആർ. ചന്ദ്രശേഖരൻ**

INTUC സംസ്ഥാന പ്രസിഡന്റ്

വാർഷിക ബഡ്ജറ്റിന്റെ പകുതിയോളം വരുന്ന തുക കടമെടുക്കേണ്ട അവസ്ഥയിൽ രാജ്യത്തിന്റെ സമ്പദ്ഘടന മാറിയിരിക്കുന്നതായി റിപ്പോർട്ടുകൾ വന്നിരിക്കുന്നു. വ്യവസായ ഉല്പാദനം തകർച്ചയിലേക്ക് കൂപ്പു കുത്തുകയും കയറ്റുമതി ഇറക്കുമതി അന്തരം ക്രമാതീതമായി ഉയരുകയും ചെയ്തിരിക്കുന്നു. 45 വർഷത്തെ ഏറ്റവും വലിയ തൊഴിൽ നഷ്ടമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ സാഹചര്യത്തിലാണ് കൂനിന്മേൽ കുരുവെന്ന പോലെ ലോക മഹാമാരിയായ കൊറോണ വൈറസ്സിന്റെ വ്യാപനത്തിലൂടെ രാജ്യം കടുത്ത പ്രതിസന്ധിയിലായിരിക്കുന്നത്. ഈ ദുരന്തത്തിന്റെ പേരിൽ പ്രഖ്യാപിക്കപ്പെട്ട ലോക്ക് ഡൗണും മറ്റ് നിയന്ത്രണങ്ങളും മൂലം കഴിഞ്ഞ ഒരു വർഷത്തിലധികമായി ജനങ്ങൾ പ്രത്യേകിച്ച് തൊഴിലാളികൾ ദുരിതജീവിതത്തിലാണ്. ഇതിലെ പ്രധാന ഇരകളായ തൊഴിലാളികൾക്ക് തൊഴിലും വരുമാനവും നഷ്ടപ്പെട്ടിരിക്കുന്നു. രാജ്യത്തെ 25 കോടി കുടുംബങ്ങളിലായുള്ള 62 കോടി തൊഴിലാളികളാണ് ഈ യാതനയിൽ പെട്ടിരിക്കുന്നത്. ജോലിയും കൂലിയും ഇല്ലാത്ത ഇവർ ജീവിതത്തിനും മരണത്തിനും ഇടയിലാണിന്ന്. രാജ്യത്തെ വിവിധ പട്ടണങ്ങളിലായി പണിയെടുത്തിരുന്നവർ യാത്രാ സൗകര്യം ലഭ്യമാകാതെ സ്വന്തം ഭവനങ്ങളിലേയ്ക്ക് നൂറ് കണക്കിനു കിലോ മീറ്ററുകൾ കാൽനടയായി പലായനം ചെയ്യുന്ന കാഴ്ച ഹൃദയഭേദകമായിരുന്നു. ഇതിനിടയിൽ അപകടവും സ്വാഭാവികമരണവും മൂലം നൂറുക്കണക്കിനു തൊഴിലാളികൾ മരണപ്പെട്ടു. യാതൊരു മുന്നറിയിപ്പും നൽകാതെ കേവലം നാല് മണികൂറിനുള്ളിൽ നടത്തിയ യാത്രാനിരോധനമാണ് ഈ ദുരന്തത്തിന് കാരണം.

രാജ്യത്ത് നിലനിൽക്കുന്ന 1979 ലെ അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം ശരിയായി നടപ്പിലാക്കിയിരുന്നെങ്കിൽ ഈ ദു:ഖസംഭവങ്ങൾ ഒഴിവാക്കാമായിരുന്നു. നിയമങ്ങൾ നടപ്പിലാക്കാതിരുന്നതു വഴി ഈ സാഹചര്യത്തിന് കളമൊരുക്കിയ ഭരണകൂടങ്ങൾ കൃത്യവിലോപത്തിനും നരഹത്യയ്ക്കും വിചാരണ ചെയ്യപ്പെടേണ്ടവരാണ്.

ഈ മഹാദുരിത സാഹചര്യത്തിൽ തൊഴിലാളികളും സമൂഹവും മുന്നോട്ട് പോകുമ്പോൾ യാതൊരു മനോവിഷമവും ഇല്ലാതെ രാജ്യത്തിന്റെ 72% സമ്പത്തും കൈ അടക്കിവച്ചിരിക്കുന്ന ജനസംഖ്യയുടെ 10% വരുന്ന സമ്പന്നന്മാരും മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ 40% സമ്പത്തും കൈയ്യടക്കി വച്ചിരിക്കുന്ന 1% കുത്തക കോർപ്പറേറ്റുകളും തങ്ങൾക്ക് നഷ്ടപരിഹാരമായി 15 ലക്ഷം കോടി സാമ്പത്തിക

ഇളവുകൾ അനുവദിക്കണമെന്ന ആവശ്യവുമായി മുന്നോട്ട് വന്നിരിക്കുന്നു. കൂടെ ഒന്നുകൂടി അവർ ആവശ്യപ്പെട്ടിരിക്കുന്നു. രാജ്യത്തെ തൊഴിൽ നിയമങ്ങൾ എല്ലാം മൂന്ന് വർഷത്തേക്ക് സസ്പെൻഡ് ചെയ്യണം.

ഈ രണ്ട് ആവശ്യങ്ങളും അംഗീകരിക്കാൻ തയ്യാറായ സർക്കാരുകൾ ഞാൻ മുമ്പേ ഞാൻ മുമ്പേ എന്ന രീതിയിൽ കോർപ്പറേറ്റുകളുടെ സംരക്ഷണത്തിനായി ആവേശപൂർവ്വം രംഗത്തിറങ്ങി. മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഗുജറാത്ത്, ത്രിപുര, ഹരിയാന സർക്കാരുകൾ തൊഴിലാളികളുടെ ജോലി സമയം 12 മണിക്കൂറായി ഉയർത്തി. തൊഴിൽ നിയമങ്ങൾ പലതും സസ്പെൻഡ് ചെയ്തു.

ഈ തൊഴിലാളി വിരുദ്ധ നടപടികളെ രാജ്യത്തെ തൊഴിലാളി സംഘടനകൾ ഒന്നടങ്കം എതിർക്കുന്നു ഈ പ്രക്ഷോഭങ്ങളെ എല്ലാം അവഗണിക്കുകയാണ് സർക്കാർ ചെയ്യുന്നത്. രോക്ഷകുലരായ തൊഴിലാളികളുടെ ശക്തമായ മുന്നേറ്റമായിരിക്കും ഇനി ഭരണക്കൂടം ദർശിക്കുവാൻ പോകുന്നത്. ലോക്ഡൗണിന്റെ പേരിൽ തൊഴിലാളികളെ വീട്ടുതടങ്കലിലാക്കിയ ശേഷം നടത്തിയ ഇത്തരം നടപടികൾ കോളനി വാഴ്ചക്കാലത്ത് ബ്രിട്ടീഷുകാർ പോലും അനുവർത്തിക്കാത്തതാണ്.

നിലവിലെ കോവിഡ് ദുരന്തം ആരംഭിച്ചപ്പോൾ 1.70 ലക്ഷം കോടിയുടെ സാമ്പത്തിക ഉത്തേജക ആനുകൂല്യങ്ങൾ കേന്ദ്രസർക്കാർ കോർപ്പറേറ്റുകൾക്ക് നൽകി. പിന്നാലെ റിസർവ്വ് ബാങ്കിന്റെ ഇളവുകളും അനുകൂല്യങ്ങളും വേറെയും ഇവർക്ക് ലഭിച്ചു. എന്നാൽ ഇതേ അവസരത്തിൽ ഓരോ തൊഴിലാളി കുടുംബത്തിനും പ്രതിമാസം 5000 രൂപ വീതം മൂന്നു മാസത്തേക്ക് നൽകണമെന്നും ഇതിനായി 25 കോടി കുടുംബങ്ങൾക്ക് 3.75 ലക്ഷം കോടി രൂപ മാത്രമെ ചെലവ് വരൂ എന്നും ആവശ്യപ്പെട്ട ഐ.എൻ.റ്റി.യു.സി. നിലപാടിനെ സർക്കാർ അംഗീകരിച്ചില്ല. ഇതേ ആവശ്യം മുൻ റിസർവ്വ് ബാങ്ക് ഗവർണർ രഘുറാം രാജ്, അമേരിക്കൻ സാമ്പത്തിക നോബൽ ജേതാവ് അഭിജിത്ത് ബാനർജി, ഫ്രഞ്ച് സാമ്പത്തിക വിദഗ്ധൻ തോമസ് പിക്കെറ്റി എന്നിവർ ആവർത്തിച്ച് പറഞ്ഞിട്ടും അത് കേൾക്കാൻ തയ്യാറാകാത്തത് സർക്കാരിന്റെ തൊഴിലാളി അവഗണനയുടെ വ്യക്തമായ തെളിവാണ്. അതോടൊപ്പം രാജ്യത്തിന്റെ ഭക്ഷ്യശേഖരത്തിൽ നിന്ന് ഓരോ തൊഴിലാളി കുടുംബത്തിനും ആവശ്യമായ ഭക്ഷ്യധാന്യം സൗജന്യമായി നൽകണമെന്ന ആവശ്യവും പരിഗണിച്ചില്ല.

ചില ശതകോടീശ്വരന്മാർക്ക് സർക്കാർ ഖജനാവിൽ നിന്ന് 15 ലക്ഷം കോടിയുടെ ധനസഹായവും തൊഴിലാളി ചൂഷണത്തിനുള്ള അവസരവും യാതൊരു മടിയും കൂടാതെ ഒരുക്കിക്കൊടുത്ത സർക്കാർ തൊഴിലാളികളുടെ പട്ടിണി വിഷയത്തിൽ നിഷേധാത്മകത പുലർത്തുന്നത് സാമൂഹ്യ നീതിശാസ്ത്രത്തിനെതിരെയുള്ള പരസ്യമായ വെല്ലുവിളിയാണ്. സർക്കാരിന് തോന്നിയതുപോലെ ധനവിനിയോഗം നടത്താൻ ഖജനാവിൽ പണം നിറച്ചിട്ടുള്ളതും ശേഖരപുരകളിൽ ഭക്ഷ്യധാന്യം നിറച്ചിട്ടുള്ളതും രാജ്യത്തെ തൊഴിലാളികളുടെ അദ്ധ്വാനം കൊണ്ടാണെന്ന വസ്തുത പോലും ഭരണകൂടം വിസ്മരിച്ചിരിക്കുന്നു.

യുദ്ധങ്ങളും പ്രകൃതിദുരന്തങ്ങളും രോഗമഹാമാരികളും സംഭവിക്കുക സ്വാഭാവികമാണ്. പല കാരണങ്ങൾ കൊണ്ടും അതിനെ തടഞ്ഞു നിർത്തുക അസാദ്ധ്യവും ആണ്. എന്നാൽ അതിലൂടെയുള്ള ജീവിത ദുരന്ത തീവ്രത കുറയ്ക്കാൻ ഭരണകൂടങ്ങൾക്ക് കഴിയും. അതിന്റെ ഏറ്റവും വലിയ തെളിവാണ് ഒന്നാംലോക മഹായുദ്ധശേഷം 1919 ൽ ലോക ഭരണകൂടങ്ങൾ മുൻകൈയെടുത്ത് തൊഴിലാളി സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി സ്ഥാപിച്ച ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ (ILO). ഐ.എൽ.ഒ യുടെ പ്രഥമ തീരുമാനം തൊഴിലാളികളുടെ ജോലി സമയം എട്ടു മണിക്കൂർ ആയി കുറയ്ക്കുക എന്നതായിരുന്നു. 16 മണിക്കൂർ വരെ ജോലി ചെയ്തിരുന്നത് എട്ടു മണിക്കൂർ ആയി കുറച്ചതു മൂലം തൊഴിലാളികൾക്ക് ആശ്വാസം ലഭിച്ചു എന്നു മാത്രമല്ല തൊഴിലവസരവും വർദ്ധിച്ചു. ഇതേ കാലഘട്ടത്തിലാണ് പത്തുകോടി മനുഷ്യജീവനുകൾ അപഹരിച്ച പ്ലേഗ് രോഗം ലോകത്തും രാജ്യത്തും പടർന്ന് പിടിച്ചത്. ഈ സമയം തൊഴിലാളികൾക്ക് സഹായമായി തങ്ങളുടെ ശമ്പളത്തിന് പുറമെ പ്ലേഗ് അലവൻസ്സായി 80 ശതമാനം സാമ്പത്തിക സഹായവും നൽകിയിരുന്നു. രോഗം ശമിച്ചപ്പോൾ ഈ പ്രത്യേക ആനുകൂല്യം നിർത്തൽ ചെയ്തു. എന്നാൽ വിലക്കയറ്റവും പട്ടിണിയും മൂലം ഈ നിലപാട് അംഗീകരിക്കുവാൻ തൊഴിലാളികൾക്ക് ആകുമായിരുന്നില്ല. അവർ ഗാന്ധിജിയുടെ നേതൃത്വത്തിൽ സമരം ചെയ്തു. പ്ലേഗ് അലവൻസ്സിന്റെ പേരുമാറ്റി ക്ഷാമബത്ത എന്ന പേരിൽ 50 ശതമാനം തുക അനുവദിക്കപ്പെട്ടു. ഈ സംഭവത്തോടു കൂടിയാണ് ഇന്നത്തെ ക്ഷാമബത്ത അനുകൂല്യം തൊഴിലാളികൾക്ക് ലഭ്യമായത്. ചമ്പാരൻ തൊഴിലാളി സമരത്തിന് ശേഷം ഗാന്ധിജി ഏറ്റെടുത്ത അഹമ്മദാബാദിലെ തുണി മിൽ തൊഴിലാളി സമരമായിരുന്നു ഇത്.

രണ്ടാം ലോകമഹായുദ്ധകാലത്തേയ്ക്ക് വന്നാൽ സാമ്പത്തിക തകർച്ചയുടെയും തൊഴിൽ നഷ്ടത്തിന്റെയും ഭീകര മരണത്തിന്റെയും ചിത്രമാണ് തൊഴിലാളികൾക്ക് മുമ്പിലുള്ളത്. 1943 ലെ ബംഗാൾ ക്ഷാമത്തിൽ മാത്രം പട്ടിണി മരണത്തിന് ഇരകളായ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും മുപ്പത് ലക്ഷമാണ്. യുദ്ധാനന്തരം രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ അന്നത്തെ ഭരണകർത്താക്കൾ ആദ്യം പരിഗണിച്ചത് തൊഴിലാളികളുടെ പട്ടിണിമരണം തടയലും ദാരിദ്ര നിർമ്മാർജ്ജനവും ആയിരുന്നു. തൊഴിലാളി ചൂഷണം അവസാനിപ്പിക്കാൻ ഭരണഘടനാ വ്യവസ്ഥകൾ ഉണ്ടായി. തൊഴിലാളി സംരക്ഷണം ഭരണഘടനയിലെ മൗലിക അവകാശ പട്ടികയിൽ ഉൾപ്പെടുത്തി. ജീവിക്കാനാവശ്യമായ വേതനവും ആനുകൂല്യങ്ങളും നൽകണമെന്നും സ്ത്രീപുരുഷസമത്വം പാലിക്കണമെന്നും ബാലവേല നിരോധിക്കണമെന്നും ഭരണഘടനയിലൂടെ നിർദ്ദേശങ്ങളുണ്ടായി. പിന്നാലെ എണ്ണമറ്റ തൊഴിലാളി സംരക്ഷണ നിയമങ്ങൾ നിലവിൽ വന്നു. 1947 ലെ തൊഴിൽ തർക്ക നീയമം, 1948 ലെ ഫാക്ടറീസ് നീയമം, 1948 ലെ മിനിമം വേതന നിയമം, 1948 തന്നെ ഇ എസ്സ് ഐ നിയമം, 1951 ലെ പ്ലാന്റേഷൻ തൊഴിലാളിനിയമം, 1952 ലെ പ്രൊവിഡന്റ് ഫണ്ട് നിയമം ഉൾപ്പെടെ 18 ഓളം നിയമങ്ങൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്തും 1965ലെ ബോണസ്സ് നിയമം, 1971 ലെ

കോൺട്രാക്ട് ലേബർ നിരോധന നിയമം, 1972 ലെ ഗ്രാറ്റുവിറ്റി നിയമം 1979 ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് ലേബർ നിയമം ഉൾപ്പെടെ 15 ഓളം നിയമങ്ങൾ ഇന്ദിരാഗാന്ധിയും തൊഴിലാളികൾക്ക് അനുഭവേദ്യമാക്കി. അന്നും തൊഴിലുടമകളും വൻവ്യവസായികളും രാജ്യത്ത് ഉണ്ടായിരുന്നു. ആരും ഈ നിയമങ്ങളെ എതിർത്തില്ല, പഞ്ചപുച്ഛമടക്കി അനുസരിക്കുകയാണന്നുണ്ടായത്. എന്നാൽ ഇന്നത്തെ ഭരണക്കാർ കോർപ്പറേറ്റുകൾക്ക് മുമ്പിൽ കമഴ്ന്ന് കിടന്ന് പാദനമസ്കാരം ചെയ്ത് ഈ തൊഴിൽ നിയമങ്ങളെല്ലാം ഇല്ലായ്മ ചെയ്തിരിക്കുന്നു. ഗാന്ധിജിയുടെ നേതൃത്വത്തിൽ തൊഴിലാളികൾ സമരം ചെയ്ത് ബ്രിട്ടീഷ്കാരിൽ നിന്നും നേടിയെടുത്ത 1926 ലെ ട്രേഡ് യൂണിയൻ നിയമ അവകാശം പോലും നിഷേധിച്ചിരിക്കുന്നു.

യുദ്ധങ്ങളും രോഗമഹാമാരികളും ഉണ്ടായിട്ടുള്ളപ്പോഴെല്ലാം ദുരിതമനുഭവിക്കുന്നത് തൊഴിലാളികളാണെന്ന തിരിച്ചറിവിലൂടെ അവരെ സംരക്ഷിക്കുന്ന നിലപാടുകളാണ് കഴിഞ്ഞ കാലങ്ങളിൽ ലോകവും രാജ്യവും സ്വീകരിച്ചിട്ടുള്ള നയം. എന്നാൽ ഇന്ന് തങ്ങളുടെതല്ലാത്ത കാരണത്താൽ സ്വാഭാവിക ദുരന്തഭാരം പേറുന്നതോടാപ്പം ഭരണകൂട ഭീകരതയുടെ ദുരിതം കൂടി അനുഭവിക്കേണ്ട സ്ഥിതിയിലാണ് തൊഴിലാളികൾ.

നിലവിലെ കോവിഡ് മഹാമാരിയുടെ പേരിൽ ലോകത്ത് 130 കോടി തൊഴിലാളികൾക്ക് ജോലി നഷ്ടമാകുമെന്നും ഇതിൽ ഇൻഡ്യയിലെ 40 കോടി തൊഴിലാളികൾ ദാരിദ്ര്യത്തിലേക്ക് നീങ്ങുമെന്നും പട്ടിണി മരണങ്ങൾ സംഭവിക്കുമെന്നും തൊഴിലാളികളെ സംരക്ഷിക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നും ഐക്യരാഷ്ട്രസഭയും ഐ.എൽ.ഒ യും മുന്നറിയിപ്പ് നൽകിയെങ്കിലും കേട്ടഭാവം നടിക്കാതെ തൊഴിലാളികളെയും അവരുടെ കുഞ്ഞുങ്ങൾ അടക്കമുള്ള കുടുംബങ്ങളെയും പട്ടിണിയിലേയ്ക്ക് തള്ളിവിടുന്ന നടപടികളാണ് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും നടത്തുന്നത്. അതിന്റെ പ്രത്യക്ഷ തെളിവാണ് 8 മണിക്കൂർ ജോലി സമയം 12 മണിക്കൂർ ആക്കിയതും തൊഴിൽ നിയമങ്ങൾ ഇല്ലായ്മ ചെയ്തതും.

ദശവർഷങ്ങൾക്ക് മുമ്പ് പാർലമെന്റ് പാസ്സാക്കിയ നിയമങ്ങൾ സംസ്ഥാന സർക്കാരുകൾ കേവലം ഭരണപരമായ ഉത്തരവിലൂടെ റദ്ദ് ചെയ്തത് ഭരണഘടനാലംഘനമാണ്. പാർലമെന്റിനെ ധിക്കരിക്കലാണ്. ജനാധിപത്യ വിരുദ്ധവും തൊഴിലാളി വിരുദ്ധവുമാണ്. അന്തർദേശീയ വേദിയായ ILO യിൽ ഇൻഡ്യകൂടി അംഗീകരിച്ച തൊഴിൽ നിയമങ്ങൾ ഏകപക്ഷീകമായി ഇല്ലായ്മ ചെയ്യുന്നത് ILO യെ ധിക്കരിക്കലും അപമാനിക്കലും ആണ്. ഇതിനെതിരെ പാർലമെന്റിലും നിയമസഭകളിലും അകത്തും പുറത്തും പ്രതിഷേധം ഉയർന്ന് വന്നെങ്കിലും ഭരണക്കൂടം ശ്രദ്ധിച്ചതായി ഭാവിച്ചില്ല. ദേശീയ തലത്തിൽ ട്രേഡ് യൂണിയനുകൾ സംയുക്തമായി ILO യ്ക്ക് പരാതി നൽകി അന്താരാഷ്ട്ര വേദിയിൽ ഈ വിഷയം ഉയർത്തി കൊണ്ടുവരുന്നുണ്ട്.

തൊഴിൽ നിയമനിർമ്മാണം ഭരണഘടനാപ്രകാരം കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതാണ്. അതായത് പാർലമെന്റിനും നിയമസഭകൾക്കും ആവശ്യമായ

നിയമ നിർമ്മാണം നടത്താം. എന്നാൽ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമത്തിന് പൊരുത്തപ്പെടാത്ത തരത്തിൽ നിയമം പാസ്സാക്കാൻ സംസ്ഥാന നിയമസഭകൾക്ക് അധികാരം ഇല്ല. ഈ രീതിയിൽ ഓർഡിനൻസ് ഇറക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമില്ല. ഇതെല്ലാം ലംഘിച്ച് തൊഴിലാളി വിരുദ്ധ ഭ്രാന്തമായ നടപടികൾ കേന്ദ്ര സർക്കാരും ചില സംസ്ഥാന സർക്കാരുകളും ഇന്ന് സ്വീകരിച്ചിരിക്കുന്നു. ഭരണഘടനയ്ക്കും രാജ്യത്തെ നിയമ വ്യവസ്ഥകൾക്കും ഉപരിയായി അവർ വില മതിക്കുന്നത് ഈസ് ഓഫ് ഡൂയിംഗ് ബിസ്സിനസ്സ് എന്ന ഐ.എം.എഫിന്റെയും വേൾഡ് ബാങ്കിന്റെയും നിർദ്ദേശങ്ങളാണ്.

നിലവിലെ കോവിഡ് ദുരന്തം വ്യവസായ വാണിജ്യ കാർഷിക തൊഴിൽ കയറ്റുമതി ഇറക്കുമതി സേവന മേഖലകളിലും സാമ്പത്തികരംഗത്തും വരുത്തുവാൻ പോകുന്ന തകർച്ചയുടെ വ്യാപ്തി തിട്ടപ്പെടുത്തുക അസാദ്ധ്യമാണ്. രോഗപ്രതിരോധ ചികിത്സ കണ്ടുപിടിക്കാത്തിടത്തോളം കാലം ഇത് എന്ന് അവസാനിക്കുമെന്ന് പറയുവാൻ ശാസ്ത്രലോകത്തിന് കഴിയുന്നില്ല. ഭരണകൂടങ്ങളും രാഷ്ട്രീയ പാർട്ടികളും തൊഴിലാളി പ്രസ്ഥാനങ്ങളും മൂലധന നിക്ഷേപകരും ഗൗരവ്വത്തോടെ ഇന്നത്തെ പ്രതിസന്ധിയെ കാണണം. കഴിഞ്ഞ കാല തെറ്റുകൾ തിരുത്തി ഒരു പുതിയ ശൈലിയിലേയ്ക്ക് സമസ്ത മേഖലകളും നയിക്കപ്പെടണം.

ആഗോളവൽക്കരണത്തിന്റെയും മത്സരാധിഷ്ഠിത കമ്പോള സംസ്ക്കാരത്തിന്റെയും ഉപ ഉല്പന്നമാണ് കോവിഡ് മഹാമാരിയുടെ പെട്ടെന്നുള്ള ആഗോള വ്യാപനം. ഇതിനു മുമ്പ് ഉണ്ടായിട്ടുള്ള രോഗമഹാമാരികൾ ഒന്നും ഇതുപോലെ ലോകമാകെ 175 ഓളം രാജ്യങ്ങളിലേയ്ക്ക് വളരെ പെട്ടെന്നുള്ള രോഗം വ്യാപനം ഉണ്ടായിട്ടില്ല. ആഗോളവൽക്കരണത്തിന്റെ ഫലമായി കൂടുതൽ ലാഭം തേടി യാതൊരു നിയന്ത്രണവും ഇല്ലാതെ വിവിധ രാജ്യങ്ങളിലേയ്ക്ക് വ്യവസായ വാണിജ്യമേഖല പടർന്നു. കാർഷിക മേഖലയിലെ ഉല്പാദനം എടുത്തു മാറ്റാൻ കഴിയാത്തതിനാൽ അതിൽ മാറ്റം വന്നില്ല. എന്നാൽ ഈ രംഗത്തെ അന്തകവിത്തിന്റെയും ഇറക്കുമതി കയറ്റുമതി നയങ്ങളിലെയും ഇളവുകൾ അവിടെയും ഭീഷണി ഉയർത്തി. ആഗോള അനാരോഗ്യ കിടമത്സരങ്ങൾ വ്യവസായ വാണിജ്യ മേഖലകൾ തകർത്തു. വികസനമെന്നത് ഊഹ കച്ചവട വേദിയായ ഓഹരി കമ്പോളത്തിന്റെ ഉയർച്ച താഴ്ചകളെ മാത്രം ആശ്രയിക്കുന്ന സ്ഥിതി വന്നു.. വികസിത വികസ്വര രാജ്യങ്ങളെന്ന വേർതിരിവില്ലാതെ സർക്കാരുകൾ സാമ്പത്തികമായി തകർന്നു. നടപ്പിലാക്കിയ എല്ലാ പരിഷ്ക്കാരങ്ങളും പുരോഗതിയിലേയ്ക്കല്ല അധോഗതിയിലേയ്ക്കാണ് രാജ്യങ്ങളെയും ജനങ്ങളെയും നയിച്ചത്. അതിന്റെ ഏറ്റവും വലിയ ദുരിതം അനുഭവിച്ചതും അനുഭവിക്കുന്നതും തൊഴിലാളികളാണ്. ഇന്നിപ്പോൾ ഓരോ രാജ്യവും സ്വയം പര്യാപ്തതയിലേക്ക് മടങ്ങുന്നതിന്റെ പ്രഖ്യാപനങ്ങൾ ദിനംപ്രതി കേൾക്കുന്നു. അതുകൊണ്ടാണ് ആഗോളവൽക്കരണം അടഞ്ഞ അദ്ധ്യായമാണെന്നും ഇന്ത്യ പൂർണ്ണമായും സ്വയംപര്യാപ്തതയിലേയ്ക്ക് മടങ്ങണമെന്നും ലോകപ്രശസ്ത സാങ്കേതിക ശാസ്ത്രജ്ഞനും പ്രധാന

മന്ത്രിയുടെ ഉപദേഷ്ടാവുമായിരുന്ന സാം പെത്രോദ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധം അഭിപ്രായപ്പെട്ടത്.

റിസർവ്വ് ബാങ്ക് റിപ്പോ നിരക്കും പലിശനിരക്കും ലിക്വിഡിറ്റി റേഷ്യോയും മൊറട്ടോറിയവും പോലുള്ള കഥയും എഴുതി കൊണ്ടിരുന്നാൽ അതെല്ലാം രജിസ്റ്ററിൽ എഴുതി വയ്ക്കാം, പക്ഷെ കാര്യങ്ങൾ ചലിക്കില്ല. ധനകാര്യ വകുപ്പ് GDP യുടെ കണക്കും കിട്ടാക്കടം എഴുതിതള്ളലും ഉത്തേജകപാക്കേജുകളും അതിലൂടെ വരുന്ന കോടികളുടെയും ലക്ഷങ്ങളുടെയും കണക്കുകളും വളർച്ചാ നിരക്കിന്റെ മാറിയും തിരിഞ്ഞുമുള്ള ശതമാനകണക്കുകളും പ്രസ്ഥാവനയിലൂടെ അറിയിച്ചാലും തീരുന്ന പ്രശ്നങ്ങൾ അല്ല ഇന്ന് രാജ്യത്തിനും ജനങ്ങൾക്കും മുമ്പിലുള്ളത്.

ഉല്പാദന പ്രവർത്തനത്തിൽ കൈതൊട്ടിട്ടില്ലാത്ത ചില പ്രൊഫസർമാരും, സാമ്പത്തിക വിദഗ്ധരും, പുസ്തക പുഴുക്കളായ IAS കാരും, ഇവരുടെയെല്ലാം ചേരി പിടിച്ച് അപ്പപ്പോൾ അഭിപ്രായം പറയുന്ന ചില രാഷ്ട്രീയ നേതാക്കളും, എന്ത് റിപ്പോർട്ട് എഴുതിയാലും പ്രസ്ഥാവന ഇറക്കിയാലും തീരുന്ന പ്രശ്നം അല്ല ഇപ്പോൾ ഉള്ളത്. ഓഹരി കമ്പോളത്തിലെ ചൂതുകളിക്കാർക്കും ലാഭം മാത്രം നോക്കി കലക്ക വെള്ളത്തിൽ എങ്ങനെ മീൻ പിടിയ്ക്കാമെന്ന് ചിന്തിക്കുന്ന കോർപ്പറേറ്റുകൾക്കും പരിഹരിക്കാവുന്ന പ്രശ്നങ്ങളല്ല രാജ്യം ഇന്ന് നേരിടുന്നത്.

സാമ്പത്തികവിദഗ്ധരെന്ന് അവകാശപ്പെടുന്നവരെയും വ്യവസായ പ്രതിനിധി കളെയും റിട്ടയർ ചെയ്ത ചില IAS ഉദ്യോഗസ്ഥരെയും വിവാദങ്ങൾക്കായി ചില രാഷ്ട്രീയ പ്രവർത്തകരെയും ഉൾപ്പെടുത്തി ദിനംപ്രതി മത്സരിച്ച് നടത്തുന്ന ടെലി വിഷൻ ചർച്ചകൾ കൊണ്ടും പരിഹരിക്കാവുന്നതല്ല നിലവിലെ പ്രശ്നങ്ങൾ. സാമാന്യ ബോധവും പ്രായോഗിക ചിന്തകളും ഉറച്ച നടപടികളുമാണ് ഈ പ്രതിസന്ധികളെ നേരിടാൻ ആവശ്യം. ഓഹരി കമ്പോളമല്ല സാമ്പത്തികരംഗം നിയന്ത്രിക്കുന്നതും വളർത്തുന്നതും എന്ന തിരിച്ചറിവ് ആദ്യം ഉണ്ടാകണം.

അതിന് പകരം 2020 മെയ് 12 ന് പ്രധാനമന്ത്രി നടത്തിയ 20 ലക്ഷം കോടിയുടെ ഉത്തേജക പാക്കേജും ഇതിന് പിന്നാലെ ധനമന്ത്രി നടത്തിയ 5 ദിവസത്തെ വിശദീക രണ പാക്കേജും പൊതുമേഖലകളെല്ലാം വിൽക്കുമെന്ന് 2021 ഫെബ്രുവരി 24 ന് പ്രധാ നമന്ത്രി അസന്നിദ്ധമായി പ്രസ്താവിച്ചതും തൊഴിലാളികളുടെയും ജനങ്ങളുടെയും ദുരിതമകറ്റാൻ കഴിയുന്നതല്ല. സാമ്പത്തിക വിദഗ്ധർ നിർദ്ദേശിക്കുന്നതുപോലെ തൊഴിലാളികളുടെയും പാവപ്പെട്ടവരുടെയും കൈകളിൽ നേരിട്ട് പണമെത്തി ക്കുകയും അവരുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്ന നടപടികൾ ഉണ്ടാ കണം. മറിച്ച് ബാങ്കുകളിൽ കെട്ടിക്കിടക്കുന്ന പണം എങ്ങനെയും വായ്പകളായി ജനങ്ങളിലേയ്ക്ക് തള്ളിവിട്ട് സാമ്പത്തിക വളർച്ചയുടെ കണക്കുകൾ പെരുപ്പിക്കാ നുള്ള സർക്കാർ പ്രഖ്യാപനങ്ങൾ മാത്രമാണ് മന്ത്രി നടത്തിയിട്ടുള്ളത്. ആഭ്യന്തര ഉൽപാദനത്തിന്റെ 10 ശതമാന ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നതായി പ്രധാന മന്ത്രി അവകാശപ്പെടുമ്പോൾ ഒരു ശതമാനത്തിന്റെ ആനുകൂല്യങ്ങൾ പോലും ഈ പ്രഖ്യാപനങ്ങളിലൂടെ തൊഴിലാളികൾക്ക് ലഭ്യമായിട്ടില്ല എന്നതാണ് വസ്തുത.

തൊഴിലാളികളുടെ അദ്ധ്വാനവും പ്രകൃതിയിലെ അസംസ്കൃത വിഭവങ്ങളും മൂലധനവും ഒന്നിച്ച് വ്യവസായ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങളാണ് സാമ്പത്തികരംഗം ഉയർത്തുന്നത്. ഈ പ്രവർത്തനങ്ങളെ പക്ഷപാതമില്ലാതെ ശരിയായ രീതിയിൽ നിയന്ത്രിക്കുക എന്നതാണ് സർക്കാരുകളുടെ പ്രധാന ചുമതല. ഇതിന്റെ ഭാഗമായിട്ടാണ് ബ്രിട്ടീഷ് സർക്കാർ 230000 രൂപയും അമേരിക്ക ശമ്പളത്തിന്റെ 75% വും, ജപ്പാൻ 70680 രൂപയും, ബ്രസീൽ 11520 രൂപയും പ്രതിമാസ വേതനമായി ഈ പ്രതിസന്ധി കാലഘട്ടത്തിൽ തൊഴിലാളികൾക്ക് നൽകിയത്.

എസൻഷ്യൽ കമ്മോഡിറ്റീസ് നിയമം റദ്ദ് ചെയ്ത് ഭക്ഷ്യവസ്തുക്കളുടെയും മരുന്നിന്റെയും ഉൽപാദന വിപണന നിയന്ത്രണ വ്യവസ്ഥകൾ സർക്കാർ നീക്കം ചെയ്തിരിക്കുന്നു. ഇതിലൂടെ അനിയന്ത്രിത കയറ്റുമതിയും പൂഴ്ത്തിവയ്പ്പും വിലക്കയറ്റവുമായിരിക്കും പരിണിതഫലം. ഇത് ദാരിദ്ര്യത്തിലേയ്ക്കും പട്ടിണി മരണത്തിലേയ്ക്കും രാജ്യത്തെ നയിക്കും.

1956 ലെ വ്യവസായ നയപ്രഖ്യാപനത്തിന് ശേഷം ഉല്പാദന ക്ഷമതയുടെ ആവശ്യകതയും തൊഴിൽ നിയമങ്ങൾ സംബന്ധിച്ച അറിവും ഉല്പാദന മേഖലയിലെ സുരക്ഷിതത്വം സംബന്ധിച്ച അവബോധവും തൊഴിലാളികൾക്കും തൊഴിലുടമകൾക്കും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്കും നൽകുന്നതിനായി രൂപീകരിച്ച 1958 ലെ പ്രൊഡക്ടിവിറ്റി കൗൺസിലും 1958 ലെ വർക്കേഴ്സ് എഡ്യൂക്കേഷൻ സെന്ററും 1965 ലെ സേഫ്റ്റി കൗൺസിലും തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ഉദ്യോഗസ്ഥർക്കും വഴികാട്ടികളായിരുന്നു. ഇന്ന് ഈ മാതൃകാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിർജ്ജീവമാക്കിയിരിക്കുന്നു. തൊഴിലുടമ പണിയെടുക്കാൻ പറഞ്ഞാൽ പണിയെടുക്കണം. തരുന്നത് വാങ്ങി കൊള്ളണം. പണിയില്ലെന്ന് പറഞ്ഞാൽ നിശബ്ദമായി പിരിഞ്ഞ് പൊയ്ക്കൊള്ളണം. ഇതാണ് ഇന്നത്തെ സർക്കാരുകളുടെ പൊതുനയം. ഇതിൽ മാറ്റം വരുത്തി ഈ പ്രധാന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി പുനർജീവിപ്പിക്കണം.

- ഈ പ്രതിസന്ധിഘട്ടത്തിലെങ്കിലും തൊഴിലാളിസംഘടനകളുമായും മൂലധന വിഭാഗങ്ങളുമായും തുറന്ന ചർച്ചയ്ക്ക് സർക്കാർ തയ്യാറാകണം. അതുവഴി ശക്തവും പ്രായോഗികവുമായ വ്യവസായ വാണിജ്യനയം രൂപീകരിക്കണം.
- മൂലധനം, പലിശ, ടാക്സുകൾ, ഉല്പന്നവില ദേശീയ തലത്തിൽ ഒന്നാണ് എന്നതിനാൽ ഭരണഘടന അനുശാസിക്കുന്നതുപോലെ തൊഴിലാളികൾക്ക് ജീവി ക്കാനാവശ്യമായ ദേശീയ സേവന-വേതന വ്യവസ്ഥയ്ക്ക് രൂപം കൊടുക്കണം.
- കർഷകരെയും കർഷക തൊഴിലാളികളെയും ആത്മഹത്യയിലേയ്ക്ക് തള്ളിവിടാതെ അവരെ സംരക്ഷിക്കുന്ന വിധം ദേശീയ കാർഷിക നയം രൂപീകരിക്കണം.
- ഉല്പന്നങ്ങളുടെ വിപണനം മത്സരാധിഷ്ഠിത വിപണിയ്ക്കു മാത്രം വിട്ടുകൊടുക്കാതെ ഊഹകച്ചവടക്കാരിൽ നിന്നും പൂഴ്ത്തി വെയ്പ്കാരിൽ നിന്നും മോചിപ്പിച്ച് ദേശീയ ഉൽപ്പന്നവിലനിയന്ത്രണ നയം രൂപീകരിക്കണം.

- ആഭ്യന്തര ഉല്പാദനം തകർക്കുന്ന ഇറക്കുമതി നയം ഉപേക്ഷിച്ച് ഇറക്കുമതി കയറ്റുമതി നയം പുനർക്രമീകരിക്കണം.
- ഏതൊരു നയവ്യതിയാനവും തൊഴിലാളി പാർലമെന്റ് എന്ന് വിശേഷിപ്പിക്കുന്നതും രണ്ടാം ലോകമഹായുദ്ധകാലമായ 1940 മുതൽ പ്രവർത്തിച്ചു വരുന്നതുമായ ഇൻഡ്യൻ ലേബർ കോൺഫറൻസ് സമയാസമയം ചേർന്ന് ചർച്ച ചെയ്ത് തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് മാത്രം തൊഴിൽ നയങ്ങൾ നടപ്പിലാക്കണം.
- സമ്പത്തിന്റെ കേന്ദ്രീകരണം നിയന്ത്രിക്കപ്പെടണം.
- വ്യവസായ വാണിജ്യ രംഗത്തെ അനഭലഷണീയമായ കിടമത്സരം നിയന്ത്രിക്കണം.
- ശക്തമായ സാമ്പത്തിക ബാങ്കിംഗ് നയം രൂപീകരിക്കണം.
- ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കണം.

ഇത്തരം നയങ്ങളിൽ അധിഷ്ഠിതമായുള്ള പ്രവർത്തനങ്ങളാണ് 1947 മുതലുള്ള സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു രാജ്യത്ത് നടപ്പിലാക്കിയത്. അതുകൊണ്ടാണ് 197 കോടിയുടെ ബഡ്ജറ്റിൽ നിന്ന് 45 ലക്ഷം കോടിയുടെ ബഡ്ജറ്റിലേക്ക് രാജ്യം ഇന്ന് എത്തിയത്. രാജ്യം ഭക്ഷ്യ, വസ്ത്ര. ആരോഗ്യ, വിദ്യാഭ്യാസ ശാസ്ത്ര ഗവേഷണ ബാങ്കിംഗ് സൈനീകരംഗത്ത് സ്വയം പര്യാപതയിലെത്തിയതും ഈ നയങ്ങളിലൂടെയാണ്.

143 കോടി ജനങ്ങളുള്ള ഇൻഡ്യയിൽ ആവശ്യമായ വില്പന വിപണി ഇവിടെയുണ്ട്. ഉല്പാദനം നടത്താൻ തൊഴിലാളികളും ധാരാളമായുണ്ട്. മൂലധന നിക്ഷേപകരും ഏറെയാണ്. ശരിയായ ക്രമീകരണമാണ് ആവശ്യം.

നിർഭാഗ്യകരമെന്ന് പറയട്ടെ 1991 ൽ ആഗോളവൽക്കരണത്തിന്റെ പുറകെ പോയി നെഹ്റുവിന്റെ നയങ്ങൾ തകർക്കപ്പെട്ടു. ഈ കോറോണ കാലഘട്ടത്തിൽ പഴയനയങ്ങൾ തിരികെ കൊണ്ട് വന്ന് പുതിയരീതിയിൽ നടപ്പിലാക്കി വരാൻ പോകുന്ന ഗുരുതര പ്രതിസന്ധിയെ നേരിടാനും അതിജീവിക്കാനും നമുക്ക് കഴിയണം. അദ്ധ്വാനിക്കുന്ന തൊഴിലാളികളും മുതൽ മുടക്കുന്ന മൂലധന നിക്ഷേപകരും സർക്കാരും പരസ്പരം അധീശത്വം സ്ഥാപിക്കാതെ ഒരേ മനസ്സോടെ പ്രവർത്തിക്കാം ഈ പ്രതിസന്ധിയെ മറികടക്കാം.....!

******